**കേരള സർക്കാർ**

സംഗ്രഹം

ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് - ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കളെ പൊതുസ്ഥലംമാറ്റത്തിൽ നിന്നും സ്ഥിരമായി ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച വിവിധ ഹർജികളിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 15.12.2021-ലെ പൊതുവായ ഉത്തരവ് നടപ്പാക്കിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ -14) വകുപ്പ്

സ.ഉ (കൈ) നം. 22 /2022/ഉ.ഭ.പ.വ തിരുവനന്തപുരം, തീയതി : 26.09.2022.

| | |
|---|---|
| പരാമർശം :- | 1. 25.02.2017 ലെ സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ.<br>2. 29.08.2017 ലെ സ.ഉ.(എം.എസ്)നമ്പർ 18/2017/ഉ.ഭ.പ.വ.<br>3. കേന്ദ്ര സർക്കാരിന്റെ 08.10.2018 ലെ 42011/3/2014.Estt. (Res) നമ്പർ ഓഫീസ് മെമ്മോറാണ്ടം<br>4. ഒ.എ. നം.974/2019, 1662/2019, 1666/2019, 1672/2019, 1693/2019, 1694/2019, 1766/2019, 1841/2019, 1861/2019, 473/2021 & 1215/2021 എന്നിവയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 15.12.2021 ലെ പൊതുവായ ഉത്തരവ്. |

**ഉത്തരവ്**

ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കളെ പൊതുസ്ഥലംമാറ്റത്തിൽ നിന്നും സ്ഥിരമായി ഒഴിവാക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച വിവിധ ഹർജികളിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (4) പ്രകാരം പൊതുവായ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 2016 ലെ RPD Act- ന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പരാമർശം (3) ലെ ഓഫീസ് മെമ്മോറാണ്ടം കണക്കിലെടുത്ത് ഈ വിഷയത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്നതാണ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (3) ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ (അനുബന്ധം) പരാമർശിച്ചിട്ടുള്ള Special Disability

ഉള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് കൂടി ബാധകമാകുന്ന വിധത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 11 ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. കേന്ദ്ര സർക്കാരിന്റെ 08.10.2018 ലെ 42011/3/2014.Estt.(Res) നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിൽ പരാമർശിച്ചിട്ടുള്ള Special Disability ഉള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കളായ സർക്കാർ ഉദ്യോഗസ്ഥരെ കഴിവതും പൊതു സ്ഥലംമാറ്റത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

II. ടി ജീവനക്കാരെ 5 വർഷം കഴിഞ്ഞാൽ സ്ഥലംമാറ്റുന്നെങ്കിൽ കഴിവതും സമീപത്തുള്ള ഓഫീസിൽ മാറ്റി നിയമിക്കേണ്ടതാണ്.

III. അച്ചടക്കനടപടി, വിജിലൻസ് അന്വേഷണം, ക്രിമിനൽ കേസ് മുതലായവയിൽ ജീവനക്കാരൻ ഉൾപ്പെടുന്ന സാഹചര്യത്തിൽ സ്ഥലംമാറ്റത്തിനുള്ള ആനുകൂല്യം ബന്ധപ്പെട്ട വകുപ്പുകൾക്ക് പുന:പരിശോധിക്കാവുന്നതാണ്.

3. പരാമർശം (1) -ലെ ഉത്തരവ് മേല്പ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

4. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ലെ ഉത്തരവ് നടപ്പാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr. ആഷ തോമസ് ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്ക്/പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/സ്പെഷ്യൽ സെക്രട്ടറിമാർക്ക്/സെക്രട്ടറിമാർക്ക്

എല്ലാ വകുപ്പമേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറിയേറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ വകുപ്പകൾക്കും
സെക്ഷനുകൾക്കും
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ആമുഖ കത്ത് സഹിതം)
ജനറൽ മാനേജർ, കേരള സംസ്ഥാന ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സംസ്ഥന വൈദ്യുതി നിലയം, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
മുഖ്യമന്ത്രിയുടേയും മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്
വിവര പൊതുജനസമ്പർക്ക വകുപ്പ്-സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി)